പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1240

08.02.2013 ലെ മറുപടിയ്ക്ക്

## ലീസ് വ്യവസ്ഥയിൽ നൽകിയ ഭൂമി തിരിച്ചെടുക്കൽ

**ചോദ്യം**
ശ്രീ.സി.ദിവാകരൻ

**ഉത്തരം**
ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | സർക്കാരിൽ നിന്ന് ലീസ് വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്കും, കമ്പനികൾക്കും നൽകിയ ഭൂമി കരാർ ലംഘനം നടത്തിയിട്ടും, കോടതി വിധി ഉണ്ടായിട്ടും ഭൂമി തിരിച്ചെടുക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ലീസ് വ്യവസ്ഥയിൽ വ്യക്തികൾക്കും കമ്പനികൾക്കും നൽകിയ സർക്കാർ ഭൂമി കരാർ ലംഘനം നടത്തിയിട്ടുള്ള കേസുകളിൽ പാട്ടം പുതുക്കുന്നതിനു അപേക്ഷ നൽകിയിട്ടില്ലാത്ത കുടിശ്ശിക വരുത്തിയിട്ടുള്ളവർ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് കേരള ഭൂമി പതിവ് ചട്ടം 1964 ലെ 15 (4) പ്രകാരം വ്യവസ്ഥാ ലംഘനത്തിന് നോട്ടീസ് നൽകി പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും, 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.<br><br>സർക്കാരിന്റെ 27.7.2011 ലെ സ. ഉ. (എം.എസ്)280/2011/ആർ.ഡി പ്രകാരം പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമി ഏത് ആവശ്യത്തിനാണോ നൽകിയിരിക്കുന്നത് അതേ ആവശ്യത്തിനു മാത്രം ഉപയോഗിക്കുകയും അന്യാധീനപ്പെടുത്തുവാൻ പാടുള്ളതുമല്ല എന്നും അത്തരത്തിൽ അനുവദിക്കുന്ന ഭൂമി ആറു മാസത്തിനകം ഉപയോഗിക്കാതെ വന്നാൽ ടി ഭൂമി സർക്കാരിലേക്ക് തിരിച്ചെടുത്ത് സ്റ്റേറ്റ് ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്നതുമാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നെല്ലിയാമ്പതി വനഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കാൻ യു.ഡി.എഫ് നിയോഗിച്ച ഉപസമിതി റിപ്പോർട്ട് ലഭ്യമാക്കാമോ? | (ബി) | സർക്കാരിൽ ലഭ്യമല്ല |

സെക്ഷൻ ഓഫീസർ